കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസം- എച്ച്.എസ്.എ. (നാച്വറൽ സയൻസ്) ലൈഫ് സയൻസിലുള്ള ബി.എഡ്. ബിരുദം നാച്വറൽ സയൻസിലുള്ള ബി.എഡ്. ബിരുദത്തിന് തുല്യമാക്കിയത്-മുൻകാലപ്രാബല്യം നൽകി ഉത്തരവാകുന്നു.

---

പൊതു വിദ്യാഭ്യാസ (ജെ) വകുപ്പ്

സ.ഉ. (എം.എസ്)നം. 145/2012/പൊ.വി.വ. തിയതി, തിരുവനന്തപുരം. 09.05.2012.

---

പരാമർശം: 1) സ.ഉ.(എം.എസ്)നം. 220/05/പൊ.വി.വ. തിയതി 19.07.2005.
2) സ.ഉ. (എം.എസ്) 46/2011/പൊ.വി.വ. തിയതി 22.02.2011.

## ഉത്തരവ്

കേരളത്തിലെ ഏതെങ്കിലും യൂണിവേഴ്സിറ്റികളിൽ നിന്നും റഗുലർ പഠനത്തിലൂടെ നേടിയ ലൈഫ് സയൻസിലുള്ള ബി.എഡ്. ബിരുദവും കേരളത്തിന് പുറത്തുള്ള മറ്റു യൂണിവേഴ്സിറ്റികളിൽ നിന്നും റഗുലർ പഠനത്തിലൂടെ നേടിയ ലൈഫ് സയൻസിലുള്ള ബി.എഡ്. ബിരുദം കേരളത്തിലെ ഏതെങ്കിലും ഒരു സർവ്വകലാശാല നാച്വറൽ സയൻസിനുള്ള ബി.എഡ്.ന് തുല്യമായി അംഗീകരിച്ചിട്ടുണ്ടെങ്കിൽ ആ ബിരുദവും എച്ച്.എസ്.എ. (നാച്വറൽ സയൻസ്) നിയമത്തിനുള്ള യോഗ്യതയായി പരാമർശം രണ്ട് പ്രകാരം സർക്കാർ അംഗീകരിച്ചിരുന്നു. എന്നാൽ 22.01.2011ന് മുമ്പ് ലൈഫ് സയൻസിൽ ബി.എഡ്. ബിരുദം നേടി അംഗീകാരമില്ലാതെ അദ്ധ്യാപകരായി പലരും സ്കൂളുകളിൽ ജോലി നോക്കിവരുന്നുണ്ട്. ഇത് സംബന്ധിച്ച് നിരവധി പരാതികൾ സർക്കാരിന് ലഭിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (2)ലെ സർക്കാർ ഉത്തരവിന് പരാമർശം ഒന്നിലെ സർക്കാർ ഉത്തരവിന്റെ തിയതി ആയ 19.07.2005 മുതൽ മുൻകാല പ്രാബല്യം നൽകി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
ആർ. മധുസൂധനൻ നായർ
അഡീഷണൽ സെക്രട്ടറി

പകർപ്പ്:-

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം)
ഡയറക്ടർ, എസ്.സി.ഇ.ആർ.റ്റി.
ഡയറക്ടർ, ഐ.റ്റി.@സ്കൂൾ
ഡയറക്ടർ, വിവരപൊതുജന സമ്പർക്കവകുപ്പ്
പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും, സെക്ഷനുകൾക്കും,
സ്റ്റോക്ക് ഫയൽ/ഓഫീസ്കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ